**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത് വരെയുള്ള ഘട്ടങ്ങളിൽ ജലത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന ജലം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുവരെയുള്ള ഓരോ ഘട്ടത്തിലും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി അതീവ ജാഗ്രതയോടെയുള്ള ശാസ്ത്രീയ പരിശോധനാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ജലശുദ്ധീകരണ ശാലകളിൽ എത്തിക്കുന്ന ജലം എയറേഷൻ, കൊയാഗുലേഷൻ, ഫ്ളോക്കുലേഷൻ, സെഡിമെൻറ്റേഷൻ, ഫിൽറ്ററേഷൻ, അണുനശീകരണം എന്നീ വിവിധ ഘട്ടങ്ങളിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയകൾ പൂർത്തിയാക്കിയ ശേഷമാണ് വിതരണത്തിനായി നൽകുന്നത്.<br><br>അതത് ശുദ്ധീകരണ ശാലയോടനുബന്ധിച്ചുള്ള ലബോറട്ടറികളിൽ, ജലത്തിന്റെ ടർബിഡിറ്റി, പി.എച്ച്. മൂല്യം, കണ്ടക്ടിവിറ്റി, അവക്ഷിപ്ത ക്ലോറിന്റെ അളവ്, മൈക്രോ ബയോളജി ടെസ്റ്റുകൾ എന്നിവ ദിനംപ്രതി നിർദിഷ്ട ഇടവേളകളിൽ നടത്തുന്നുണ്ട്. വിതരണത്തിനായി നൽകുന്ന ശുദ്ധജലം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും അനുവദനീയമായ പരിധിയിലാണെന്നും ഇതിലൂടെ ഉറപ്പുവരുത്തുന്നു. വിതരണ ശൃംഖലയിൽ ബാക്ടീരിയകളുടെ സാന്നിധ്യം പൂർണ്ണമായും ഒഴിവാക്കുന്നതിനായി ജലത്തിൽ നിശ്ചിത അളവിൽ ശേഷിക്കുന്ന ക്ലോറിൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും, ശൃംഖലയുടെ അവസാന ഭാഗത്ത് (Tail end) 0.2 ppm ക്ലോറിൻ ലഭിക്കുന്ന തരത്തിൽ സുരക്ഷിതമായ ജലലഭ്യത ഉറപ്പാക്കാൻ ക്ലോറിനേഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം ജല ശുദ്ധീകരണ ശാലകളും ജല സംഭരണികളും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുകയും അണുനശീകരണം നടത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അവശ്യ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷനും ചെയ്യുന്നുണ്ട്.<br><br>കൂടാതെ, അതോറിറ്റിയുടെ ഗുണനിലവാര നിയന്ത്രണ വിഭാഗം എല്ലാ പദ്ധതികളുടെയും ഇൻടേക്ക്, ശുദ്ധീകരണ ശാലകൾ, പമ്പിംഗ് സ്റ്റേഷനുകൾ, വിതരണ ശൃംഖലകൾ എന്നിവിടങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിക്കുന്നു. ഇപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ അതത് ജില്ലാ/ഉപജില്ലാ ലാബുകളിൽ എത്തിച്ച് ഭൗതിക, രാസ, ജൈവ പരിശോധനകൾക്ക് വിധേയമാക്കുന്നു. ഈ വിശകലന റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് യഥാസമയം നൽകുന്നതിലൂടെ ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ച് ജലത്തിന്റെ ഗുണമേന്മ നിരന്തരം മെച്ചപ്പെടുത്തി വരുന്നു.<br><br>പൈപ്പ് ലൈൻ ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിലൂടെ പൈപ്പ് പൊട്ടലുകൾ വഴി ഉണ്ടാകാൻ സാധ്യതയുള്ള ജല മലിനീകരണം പരമാവധി ഒഴിവാക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾക്ക് ശേഷം സ്കവറിങ് നടത്തി പൈപ്പുകൾക്കുള്ളിലെ മണ്ണും ചെളിയും നീക്കം ചെയ്തും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജല നഷ്ടം ഒഴിവാക്കുന്നതിനും കേടായ പൈപ്പുകൾ യഥാക്രമം മാറ്റി സ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | പൈപ്പുകൾ പൊട്ടുന്നത് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനായി 24*7 പ്രവർത്തിക്കുന്ന പരാതി പരിഹാര സംവിധാനമായ 1916 കാൾ സെന്റർ കേന്ദ്ര കാര്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ലീക്കുകൾ കണ്ടെത്തുന്നതിനായി ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൃത്യ സമയത്തുള്ള അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിനായി വാർഷിക അറ്റകുറ്റപണികളുടെ കരാറുകളും ബ്ലൂ ബ്രിഗേഡ് സംവിധാനവും നിലവിലുണ്ട്.<br><br>ജല ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ, ADB മുതലായ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളും, ഇന്റർകണക്ഷനുകളും മാറ്റി കുടിവെള്ള ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | 2016 - 2025 കാലയളവിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര കോടി | (സി) | 2016 - 2025 കാലയളവിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് വിവിധങ്ങളായ പദ്ധതികളിൽ (സ്റ്റേറ്റ് പ്ലാൻ, അമൃത്, കിഫ്ബി, |

| | | | |
|---|---|---|---|
| | രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | ജലജീവൻ മിഷൻ, വരൾച്ച ദുരിതാശ്വാസ പ്രവൃത്തി തുടങ്ങിയവ) ഉൾപ്പെടുത്തി **2151.5627** കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | നിലവിലെ സർക്കാർ വന്നതിനു ശേഷം എത്ര പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാണോ; വ്യക്തമാക്കാമോ? | (ഡി) | നിലവിലെ സർക്കാർ വന്നതിനു ശേഷം (2021 മെയ് മുതൽ 2026 ജനുവരി വരെ) **22,07,900** പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ